**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5963** **09-07-2024 - ൽ മറുപടിയ്ക്ക്**

**വ്യാപാരി ക്ഷേമ പെൻഷൻ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപാരി ക്ഷേമനിധി വഴി പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകുന്നതെന്നും ഇത് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | 02/08/2023-ലെ സ.ഉ(സാധാ)നം.529/2023/ നികുതി പ്രകാരം വ്യാപാരി ക്ഷേമനിധിയിലെ ബി, സി, ഡി ക്ലാസുകളിലെ അംഗങ്ങൾക്ക് ക്ഷേമനിധി പെൻഷൻ പ്രതി മാസം 1300/- രൂപയിൽ നിന്ന് 1600/- രൂപയായി വർദ്ധിപ്പിച്ചു കൊണ്ടും, എ-ക്ലാസ് അംഗങ്ങൾക്ക് 1650/- രൂപയായി നിലനിർത്തിക്കൊണ്ടും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, 08/2023 മുതൽ വ്യാപാരി ക്ഷേമനിധി പെൻഷൻ എ ക്ലാസ് അംഗങ്ങൾക്ക് പ്രതിമാസം 1650/- രൂപയും ബി, സി, ഡി ക്ലാസ് അംഗങ്ങൾക്ക് 1600/- രൂപയും വീതം വിതരണം ചെയ്തു വരുന്നു. |
| (ബി) | ക്ഷേമ പെൻഷൻ, മരണാനന്തര ആനുകൂല്യം എന്നിവയിൽ എത്ര കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ടെന്നും ഇവ എപ്പോൾ കൊടുത്ത് തീർക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | നിലവിൽ 2024 ജനുവരി വരെയുള്ള ക്ഷേമ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ മരണാനന്തര ആനുകൂല്യ വിതരണത്തിനായി 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2024 ഫെബ്രുവരി 29-ാം തീയതി വരെ ലഭിച്ച 628 അപേക്ഷകളിൽ, 516 പേർക്ക് ക്ലെയിംസ് കമ്മിറ്റി യോഗ തീരുമാന പ്രകാരം മരണാനന്തര ആനുകൂല്യം വിതരണം നടത്തിയിട്ടുണ്ട്. രേഖകൾ കുറവുള്ള ശേഷിച്ച അപേക്ഷകളിൽ ആയത് ലഭ്യമാക്കി ആനുകൂല്യ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. 01/03/2024-നു ശേഷം ലഭിച്ച 125 അപേക്ഷകളിലും തുടർന്ന് ലഭിക്കുന്ന അപേക്ഷകളിലും ക്ലെയിംസ് കമ്മിറ്റി തീരുമാന പ്രകാരം ആനുകൂല്യ വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ